(ഇ) തലസ്ഥാന വികസന പദ്ധതിയുടെ ആദ്യവർഷത്തെ പ്രവർത്തനങ്ങൾ എന്നേക്ക് പൂർത്തിയാകുമെന്ന് അറിയിക്കുമോ;

(എഫ്) തലസ്ഥാന മേഖലയിലെ ഗതാഗത-ആരോഗ്യ പ്രശ്നങ്ങൾ പുതിയ വികസന പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) 2002-2003-ലെ സംസ്ഥാന ബഡ്ജറ്റിൽ വിഭാവന ചെയ്ത തലസ്ഥാന വികസന പദ്ധതിയിൽ തീരപഥം പദ്ധതി മാത്രമേ ഉൾപ്പെട്ടിരുന്നുള്ളു. ഇതിന്റെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) 15 കോടി രൂപ ലഭിച്ചിട്ടുണ്ട്;

(സി) ഇല്ല

(ഡി) ചോദ്യം ഉദിക്കുന്നില്ല

(ഇ) തലസ്ഥാന വികസന പദ്ധതിയിൽപ്പെടുന്ന ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ വെള്ളമെത്തിക്കൽ, തെരുവ് വൈദ്യുതീകരണം, ഖരമാലിന്യ നിർമാർജനം, മൃഗശാലയുടെ നവീകരണം തുടങ്ങിയ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയും.

(എഫ്) തലസ്ഥാനത്ത് ഈഞ്ചയ്ക്കലിൽ ഒരു ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു കരട് രൂപരേഖ തയ്യാറാക്കി വരുന്നു. ആരോഗ്യ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സംസ്ഥാനത്തിന്റെ തനതായ അറിവുകളുടെയും ജൈവസമ്പത്തിന്റെയും സംരക്ഷണം

5 [1476] ശ്രീ. വി. ബാലറാം :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. മോഹൻ കുമാർ :
„ കെ. സി. വേണുഗോപാൽ :
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തനതായ അറിവുകളും ജൈവ സമ്പത്തും വിദേശികൾ ചൂഷണം ചെയ്യുന്നത് തടയുന്നതിനുള്ള ഒരു ബില്ലിന് രൂപം കൊടുത്തിരുന്നുവോ;

(ബി) എങ്കിൽ എന്ന്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ബിൽ നിയമമാക്കുന്നതിനുള്ള തടസ്സമെന്തന്ന് വിശദീകരിക്കുമോ;

(ഡി) ഈ ബിൽ ഉടനടി നിയമമാക്കുന്നതിന് നടപടിയെടുക്കുമോ?

ഉത്തരം

(എ), (ബി), (സി) & (ഡി) ഈ വിഷയം സംബന്ധിച്ച ഒരു ബില്ലിന് രൂപം കൊടുത്തിട്ടില്ല. പക്ഷേ, 2002-ലെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് (കേന്ദ്ര നിയമം) അദ്ധ്യായം രണ്ട് (സെക്ഷൻ 3 മുതൽ 7 വരെ) ഈ രാജ്യത്തെ തനതായ അറിവുകളും ജൈവ സമ്പത്തും മറ്റും വിദേശികൾ ചൂഷണം ചെയ്യുന്നതും അവയുടെ പേറ്റന്റ് മുതലായവ സമ്പാദിക്കുന്നതിനുമെതിരെയുള്ള നടപടികൾ വിഭാവനം ചെയ്യുന്നുണ്ട്. ഈ നിയമം സംസ്ഥാനത്തും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് രൂപീകരിക്കുന്നതിനും ആവശ്യമായ ചട്ടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരികയാണ്.

വെരിഫിക്കേഷൻ ത്വരിതപ്പെടുത്താൻ നടപടി

6 [1477] ശ്രീ. കോവൂർ കുഞ്ഞുമോൻ :

" എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാസ്പോർട്ടുകളുടെ പോലീസ് വെരിഫിക്കേഷൻ നടത്തുന്നതിന് ഓരോ ജില്ലയിലും എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പാസ്പോർട്ട് ഓഫീസിൽനിന്നും ഫയൽ എത്തിക്കഴിഞ്ഞാൽ എത്ര ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്നാണ് വ്യവസ്ഥ; വിശദാംശം ലഭ്യമാക്കുമോ;

(സി) സർക്കാർ ഉദ്യോഗത്തിനുൾപ്പെടെ പൊതുജനങ്ങളുടെ വിവിധ ആവശ്യങ്ങൾക്കുള്ള വെരിഫിക്കേഷൻ റിപ്പോർട്ട് അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ എത്ര ദിവസത്തിനുള്ളിൽ ലഭ്യമാക്കും എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) വെരിഫിക്കേഷൻ സർട്ടിഫിക്കറ്റുകളും റിപ്പോർട്ടുകളും യഥാസമയം നൽകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്;

(ഇ) ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എത്ര പേർക്കെതിരെ ശിക്ഷണ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;

(എഫ്) യഥാസമയം വെരിഫിക്കേഷൻ റിപ്പോർട്ട് നൽകാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly